# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3543 — 23.06.2014-ലെ മറുപടിക്ക്

### വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ: വിശദമാക്കുമോ: | എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് 26.12.2013-ൽ തുടക്കം കുറിച്ചിട്ടുണ്ട്. 21.12.2013 മുതൽ 20.12.2014 വരെ സുവർണ്ണ ജൂബിലി വർഷമായി ആചരിക്കുകയാണ്. |
| ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ട് കൊണ്ട് പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ: വിശദാംശങ്ങൾ എന്തെല്ലാം: | ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ കുറ്റമറ്റ രീതിയിലാണ് പ്രവർത്തിക്കുന്നത്. പുതിയ സംവിധാനങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |
| സി) വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്: വിശദാംശങ്ങൾ എന്തെല്ലാം ? | സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിലെ സാഹചര്യത്തിൽ തങ്ങളുടെ അഴിമതി വിരുദ്ധ പ്രവർത്തന മേഖലയിൽ ശക്തവും കാര്യക്ഷമവുമായ നടപടികളാണ് സ്വീകരിക്കുന്നത്. കാലതാമസം ഒഴിവാക്കി വിജിലൻസ് അന്വേഷണങ്ങളും മറ്റും സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഭരണതലത്തിൽ ഉദ്യോഗസ്ഥർക്ക് നല്കാറുണ്ട്. അന്വേഷണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്താറുണ്ട്. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് യഥാസമയം സി.ബി.ഐ ട്രെയിനിംഗ് ഉൾപ്പടെയുള്ള പരിശീലന പരിപാടികൾ ലഭ്യമാക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ